## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ, എസ്. ആർ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ് കോളേജിലെ- സ്പെഷ്യൽ ഓഫീസറുടെ പൂർണ്ണ അധിക ചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ ബി 1/17650/2018/കോ.വി.വ. തീയതി : 29/5/2018

---

പരാമർശം:- 1) ഈ ഓഫീസിലെ 05.05.2018 ലെ ബി1/17650/2018/കോ.വി.വ. നമ്പർ ഉത്തരവ്.

2) ശ്രീ. സൗന്ദർ രാജൻ വി.യുടെ അപേക്ഷ.

### ഉത്തരവ്

തൃശ്ശൂർ, എസ്. ആർ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ് കോളേജിലെ സ്പെഷ്യൽ ഓഫീസറുടെ പൂർണ്ണ അധികചുമതല തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സിലെ വീണ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ശ്രീ. സൗന്ദർ രാജൻ.വി.യ്ക്ക് പരാമർശം (1) പ്രകാരം നൽകിയിരുന്നു. ശ്രീ. സൗന്ദർ രാജൻ.വി, തന്നെ ടി ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ചുകൊണ്ട് ശ്രീ. സൗന്ദർ രാജൻ.വി യെ തൽസ്ഥാനത്തുനിന്നും മാറ്റിക്കൊണ്ടും തിരുവനന്തപുരം, ശ്രീ. സ്വാതിതിരുന്നാൾ സർക്കാർ സംഗീത കോളേജിലെ മൃദംഗ വിഭാഗം ലക്ചററായ ശ്രീ. സനൽകുമാർ വി.യെ സ്പെഷ്യൽ ഓഫീസറുടെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.ഡി.കെ. സതീഷ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ(ഇൻ ചാർജ്ജ്)

പകർപ്പ്:-

1) ബന്ധപ്പെട്ട പ്രൻസിപ്പാൾമാർക്കും വ്യക്തികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് സുഖേന)
2) പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള കോട്ടയം
4) കരുതൽ ഫയൽ / നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/29/5/18

GOVERNMENT OF KERALA